പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1657 — 25.03.2013 -ൽ മറുപടിയ്ക്ക്

കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പാഠ്യവിഷയമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി ) |
| (എ) ഭരണ ഭാഷ മലയാളമാക്കുകയും സർക്കാർ ജോലിക്ക് മലയാളം നിർബന്ധ - മാക്കുകയും ചെയ്ത സാഹചര്യത്തിലും സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പാഠ്യവിഷയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ബഹു: ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) നം.2435/12/(ഡി) യിൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങൾ, ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ക്കൂളുകൾ എന്നീ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ സംസ്ഥാന സർക്കാരിന് ടി സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ അധികാരമില്ലെന്ന് ഉത്തരവായിരിക്കുകയാണ്. ആയതിനാൽ കേന്ദ്രീയ വിദ്യാലയങ്ങൾ, ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ക്കൂളുകൾ എന്നിവിടങ്ങളിൽ മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട 01.09.11 -ലെ 183/11/പൊ.വി. സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. |
| (ബി) കേന്ദ്ര സർക്കാരുമായാലോചിച്ച് ഈ സ്ക്കൂളുകളിലെ മലയാളികളായ കുട്ടികൾ - ക്കെങ്കിലും മാതൃഭാഷ പഠിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

(.................2)

(സി) ഈ വിഷയത്തിൽ മുമ്പ് കേന്ദ്ര സർക്കാരിന്റെ നിലപാട് തേടിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

(സി) ഇല്ല.

Sindhu

സെക്ഷൻ ഓഫീസർ